# അദ്ധ്യായം - 14



*നാൻഡെലിലെ രത്തൻജി വാഡിയ - യോഗിമൗലിസാഹെബ് - ദക്ഷിണമീമാംസ*

കഴിഞ്ഞ അദ്ധ്യായത്തിൽ ബാബയുടെ വാക്കുകൾ എങ്ങിനെ സുഖക്കേടുകൾ ഭേദമാക്കി എന്നു നാം കണ്ടു. ഈ അദ്ധ്യായത്തിൽ എങ്ങിനെ ബാബ അനുഗ്രഹിച്ച് രത്തൻജി വാഡിയ്ക്ക് സന്താനമുണ്ടായെന്ന് വിവരിക്കാം. ഋഷിമാരുട ജീവിതത്തിന്റെ അകവും പുറവും മധുരമാണ്. സായി ബാബയുടെ വിവിധ ലീലകളും ഭക്ഷണം കഴിക്കലും നടത്തവും സംസാരവും എല്ലാം മധുരമാണ്. ആ ജീവിതം തന്നെ ആനന്ദം മൂർത്തീകരിച്ചതാണ് അത് ഭക്തന്മാരുടെ സ്മരണോപാതിയായി മാറ്റി ബാബ അവർക്ക് പലതരം ചുമതലകളുടെയും പ്രവർത്തനത്തിന്റെയും കഥകൾ പറഞ്ഞുകൊടുത്ത് അവരെ യഥാർത്ഥ മതവിശ്വാസികളാക്കി തീർത്തു. ബാബയുടെ ഉദ്ദേശം മനുഷ്യൻ സുഖമായി ഈ ലോകത്തിൽ ജീവിക്കുകയും അതേസമയം തന്നെ ആദ്ധ്യാത്മിക പുരോഗതി നേടി ആത്മജ്ഞാനം സമ്പാദിക്കുകയും വേണമെന്നായിരുന്നു. മനുഷ്യ ശരീരം പൂർവ്വജന്മ





സുകൃതംകൊണ്ട് കിട്ടിയതാണ്. അതുപയോഗിച്ച് മോക്ഷം നേട ണം. അതുകൊണ്ട് ഒരിക്കലും മടികാണിക്കാതെ സദാ ജാഗരൂ കനായിരിക്കണം. നിങ്ങൾ നിത്യവും സായിലീലകൾ കേട്ടാൽ സദാ ബാബയെ കാണാറാവും. രാപ്പകൽ ബാബയെ മനസ്സിൽ ധ്യാനിക്കും. ഇങ്ങിനെ സാധന ചെയ്താൽ മനസ്സ് സായി മയ മായി പരിശുദ്ധ ബോധവാനായിത്തീരും.

## നാൻഡെഡിലെ രത്തൻജീ

ഈ അദ്ധ്യായത്തിലെ പ്രധാന കഥയിലേക്ക് പ്രവേശിക്കാം. നൈസാമിലെ നാൻഡെഡിലെ ഒരു മിൽ കോൺട്രാക്ടറായി രത്തൻജി ഷാപൂർജിവാഡിയ എന്നുപേരായ ഒരു പാർസിയുണ്ടാ യിരുന്നു. അയാൾക്ക് കണ്ടമാനം ധനവും ഭൂസ്വത്തുക്കളുമുണ്ടാ യിരുന്നു. വാഹനങ്ങളും കുതിരകളും മറ്റു സകല വിധ സൗക ര്യങ്ങളുമുണ്ടായിരുന്നു. പുറമെക്ക് സന്തുഷ്ടനായി കാണുമാ യിരുന്നെങ്കിലും ഉള്ളിൽ അയാൾ അങ്ങിനെയായിരുന്നില്ല. ദൈവം ആരെയും പരിപൂർണ്ണ സന്തോഷവാനാക്കുന്നില്ല. രത്തൻജിയുടെ കാര്യത്തിലും ഇത് ശരിയാണ്. അയാൾ ധർമ്മിഷ്ഠനും ഉദാരനു മായിരുന്നതിനാൽ സാധുക്കൾക്ക് അന്നവും വസ്ത്രവും ദാനം ചെയ്തു സഹായിച്ചുകൊണ്ടിരുന്നു. ജനങ്ങൾ അയാളെ സന്തു ഷ്ടനായിക്കരുതിയെങ്കിലും കുട്ടികളില്ലാത്തതിൽ അയാൾ വിഷാ ദത്തിലായിരുന്നു. ഭക്തിയില്ലാത്ത കീർത്തനവും താളലയങ്ങളി ല്ലാത്ത സംഗീതവും പൂണൂലില്ലാത്ത ബ്രാഹ്മണനും, വിശേഷ ബുദ്ധിയില്ലാത്ത ജ്ഞാനവും, പശ്ചാത്താപമില്ലാത്ത തീർത്ഥാട നവും, കണ്ഠാഭരണമില്ലാത്ത അണിഞ്ഞൊരുങ്ങലും പ്രയോജ നരഹിതവും വിരൂപവുമാകുന്നപോലെയാണ് സന്താനങ്ങളി ല്ലാത്ത ഒരു വീട്ടിന്റെയും സ്ഥിതി. രത്തൻജി ഇതുതന്നെ ആലോ ചിച്ചു ഖേദിക്കും. ദൈവം എനിക്ക് ഒരു സന്താനത്തെ തരില്ലേ?

എന്ന്. അയാൾ കുണ്ഠിതനായി, ഭക്ഷണത്തിൽപോലും താല്പര്യമില്ലാതായി. രാപ്പകൽ സന്താനത്തെപ്പറ്റി മാത്രം ചിന്തിച്ചു. അയാൾക്ക് ദാസ്ഗനുമഹരാജിനെ വലിയ ബഹുമാനമായിരുന്നു. ഒരിക്കൽ അദ്ദേഹത്തെ കണ്ട് വിവരം പറഞ്ഞു. ദാസ്ഗനു അയാളോട് ഷിർദ്ദിയിൽപോയി ബാബയെ ദർശനം ചെയ്ത് കാൽക്കൽ വീണ് സന്താനത്തിന് വേണ്ടി അപേക്ഷിക്കാൻ പറഞ്ഞു. അങ്ങിനെ രത്തൻജി, ഷിർദ്ദിക്ക് പോവാൻ നിശ്ചയിച്ചു. കുറച്ചു ദിവസം കഴിഞ്ഞ് അയാൾ ഷിർദ്ദിയിൽ പോയി ബാബയെ ദർശനം ചെയ്തു കാല്ക്കൽ നമസ്കരിച്ചു. ഒരു കുട്ടയിൽ നിന്നു ഒരു നല്ല മാലയെടുത്ത് ബാബയെ അണിയിച്ച് ഒരു കുട്ട പഴങ്ങൾ കാണിയ്ക്കവെച്ചു. പിന്നെ ബഹുമാനപുരസ്സരം ബാബയുടെ അടുക്കലിരുന്നു ഇങ്ങിനെ പ്രാർത്ഥിച്ചു. വിഷമത്തിൽപെട്ട പലരും അവിടുത്തെ സമീപിച്ച് രക്ഷ നേടുന്നു. അതുകേട്ട് ഞാനിതാ വന്നിരിക്കുന്നു. എന്നെ നിരാശനാക്കാരുതെ. സായിബാബ അയാളോട് 5ക. ദക്ഷിണ ചോദിച്ചു. രത്തൻജി അതെടുടുക്കാൻ നോക്കിയപ്പോൾ ബാബ പറഞ്ഞു അദ്ദേഹത്തിന് 3 ക 14 ണ കിട്ടിക്കഴിഞ്ഞു. ബാക്കി തന്നാൽ മതി എന്ന്. അയാൾ ആദ്യമായി ഷിർദ്ദിയിൽ പോയതാണ്. പിന്നെ എങ്ങിനെയാണ് 3ക 14ണ കൊടുക്കുക എന്നയാൾ അതിശയിച്ചു. ഏതായാലും ഒന്നും പറയാതെ ബാക്കി സംഖ്യ ദക്ഷിണകൊടുത്ത് അയാളുടെ സങ്കടം ഉണർത്തിച്ചു. ബാബ കരുണാദ്രനായി അന്നു മുതൽ അയാളുടെ കഷ്ടപ്പാടുകൾ തീർന്നുവെന്നു പറഞ്ഞു. പിന്നെ ഉധികൊടുത്ത് കൈ തലയിൽവെച്ചനുഗ്രഹിച്ച് അള്ളാഹു അയാളുടെ ആഗ്രഹം സാധിപ്പിച്ചുകൊള്ളും എന്നു പറഞ്ഞു. പിന്നീട് ബാബയുടെ അനുഗ്രഹത്തോടുകൂടി നാട്ടിലേക്ക് മടങ്ങി. ദാസ്ഗനുവിനോട് എല്ലാവിവരവും പറഞ്ഞു. എല്ലാം മനസ്സിലായെങ്കിലും 3ക. 14ണ മുമ്പ് കിട്ടി എന്നു പറഞ്ഞത് മാത്രം മനസ്സി

ലായില്ലെന്നും താൻ ഇനിന്നുമുമ്പ് ഷിർദ്ദിയിൽ പോയിട്ടില്ലെന്നും പിന്നെ എങ്ങിനെ മുൻകൂട്ടി ഈ പണം കൊടുക്കുമെന്നും ദാസ്ഗനുവിനോട് ചോദിച്ചു. ദാസ്ഗനുവിനും സംഗതി മനസ്സിലാവാതെവളരെ നേരം ആലോചിച്ചു. അങ്ങിനെ ആലോചിച്ചപ്പോൾ, രത്തൻജി കുറച്ച്ദിവസം മുമ്പ് മൗലിസാഹെബ് എന്നുപേരായ ഒരു മുസ്‌ലീം ഫക്കീറിന് വീട്ടിൽ വെച്ച് സ്വീകരണം നൽകിയതായി ഓർമ്മ വന്നു. ഈ മൗലിസാഹെബ്, ഒരു കൂലിക്കാരൻ ഫക്കീറായതാണ്. നാണ്ടെഡിൽ അദ്ദേഹം പ്രശസ്തനാണ്. രത്തൻജി, ഷിർദ്ദിക്കു പോവാനുറച്ചപ്പോൾ യദൃച്ഛയാ മൗലിസാഹെബ് വീട്ടിൽ വന്നതാണ്. ദാസ്ഗനു, രത്തൻജിക്ക് മൗലിസാഹിബിനെ സ്വീകരിക്കാൻ വന്ന ചിലവുകൾ അന്വേഷിച്ച് കണക്കാക്കിയപ്പോൾ കൃത്യം 3ക. 14ണ. ചിലവായതായിക്കണ്ടു. ബാബ സർവ്വവ്യാപിയാണെന്നും ഷിർദ്ദിയിൽ ഇരിക്കുന്നെങ്കിലും എവിടെ നടക്കുന്നതും അറിഞ്ഞിരുന്നു. എന്നും മനസ്സിലായി. ഇക്കാര്യത്തിൽ ബാബ മൗലിസാഹെബുമായി താദാത്മ്യം പ്രാപിച്ചിരുന്നില്ലെങ്കിൽ എങ്ങിനെ ഇത്ര കൃത്യമായി ചിലവായ സംഖ്യ പറയാൻ സാധിക്കും എന്ന കാര്യം വ്യക്തമാണല്ലോ.

രത്തൻജീ ഇതുകണ്ട് സംതൃപ്തനായി ബാബയുടെ ഉറച്ച ഭക്തനായിത്തീർന്നു. കുറച്ചുകാലത്തിനുള്ളിൽ അയാൾക്ക് ഒരു പുത്രൻ ജനിക്കുകയും അത്യധികം സന്തുഷ്ടനാവുകയും ചെയ്തു. പിന്നീട് 12 മക്കൾ ജനിച്ചതിൽ 4 പേർ ജീവിച്ചു എന്നറിയുന്നു.

ബാബ ഒരിക്കൽ റാവുബഹദൂർ ഹരിവിനായക് സതേയോട് അയാളുടെ ആദ്യഭാര്യ മരിച്ചപ്പോൾ വീണ്ടും വിവാഹിതനാവാനും അതിൽ ഒരു മകനുണ്ടാവുമെന്നും പറഞ്ഞു. രണ്ടാമത് വിവാഹം കഴിച്ചതിൽ ആദ്യം രണ്ടു പെൺകുട്ടികളും പിന്നീട് ഒരാൺകുട്ടിയും ജനിച്ച് ബാബയുടെ വാക്കുകൾ ഫലിച്ചു.

## ദക്ഷിണ മീമാംസ

ഇനി ദക്ഷിണയെസംബന്ധിച്ച് ചില കാര്യങ്ങൾ പറഞ്ഞ് അദ്ധ്യായം അവസാനിപ്പിക്കാം. ബാബ തന്നെ സമീപിച്ചവരോട് ദക്ഷിണ ചോദിച്ചുവാങ്ങിയിരുന്നത് പ്രശസ്തമാണ്. ചിലർ ചോദിച്ചേക്കാം ബാബ ഫക്കീറും നിസ്സംഗനുമായിരിക്കെ എന്തിന് പണം ആവശ്യപ്പെടുന്നു. എന്ന്. ഈ പ്രശ്നം ഒന്നു വിശദമായി ചിന്തിക്കാം. വളരെക്കാലത്തേക്ക് ബാബ ഒന്നും സ്വീകരിച്ചിരുന്നില്ല. കത്തിച്ച തീപ്പെട്ടിക്കൊള്ളി സംഭരിച്ച് പോക്കറ്റിൽ നിറക്കലായിരുന്നു അന്നത്തെ പതിവ്. ഭക്തരോടും അല്ലാത്തവരോടും യാതൊന്നും ചോദിച്ചു വാങ്ങിയിരുന്നില്ല. ആരെങ്കിലും ഒന്നോ രണ്ടോ പൈസ മുന്നിൽ വെച്ചാൽ അതുകൊണ്ട് എണ്ണയോ പുകയിലയോ വാങ്ങും. ബീഡിയോ ചില്ലിമോ വലിക്കാൻ പുകയില ഇഷ്ടമായിരുന്നു. യോഗിമാരെ വെറും കയ്യോടെ കാണരുതെന്ന ഉദ്ദേശത്താൽ ചിലർ ചില ചെമ്പുനാണയങ്ങൾ കാണിക്കവെക്കും. ബാബ അത് പോക്കറ്റിലിടും രണ്ടു പൈസ നാണ്യമാണെങ്കിൽ ഉടൻ മടക്കിക്കൊടുക്കും. പിന്നീട് ബാബയുടെ പ്രശസ്തി വർദ്ധിച്ചതോടുകൂടി നാനാദിക്കിൽ നിന്നും ആളുകൾ ധാരാളം വരാൻ തുടങ്ങിയപ്പോൾ ബാബ ദക്ഷിണ സ്വീകരിക്കുവാനും തുടങ്ങി. വേദങ്ങളിൽ പറയുന്നുണ്ട്. ദേവപൂജ പൂർത്തിയാവാൻ ഒരു സ്വർണ്ണനാണ്യം കാണിയ്ക്ക ഇടണമെന്ന്, ദേവപപൂജക്ക് നാണ്യം വേണമെങ്കിൽ ഋഷിപൂജക്കും എന്തു കൊണ്ടായിക്കൂടാ? പിന്നെ ശാസ്ത്രങ്ങൾ ഉൽഘോഷിച്ചു ആരും വെറും കയ്യോടെ ദേവൻ, രാജാവ്, ഋഷി, ഗുരു എന്നിവരെ കാണരുത് എന്ന്. എന്തെങ്കിലും നാണ്യമോ പണമോ കാണിക്ക വെക്കൽ പതിവായി. ബ്രഹദാരണ്യ ഉപനിഷത്തിൽ പറയുന്നു ഭഗവാൻ പ്രജാപതി ദേവന്മാരേയും, മനുഷ്യരേയും അസുരന്മാരേയും ദ എന്ന ഏകാ

ക്ഷരം ഉപദേശിച്ചുവെന്ന്. (1) ദമം അതായത് ആത്മനിയന്ത്രണം എന്നാണ് ദേവന്മാർ അതിന്നു മനസ്സിലാക്കിയത്. (2) ദാനം എന്ന താണ് മനുഷ്യന്മാർ മനസ്സിലാക്കിയത്. (3) ദയാ എന്നാണ് അസുരന്മാർ മനസ്സിലാക്കിയത്. മനുഷ്യന് ദാനമാണ് അങ്ങിനെ വിധിച്ചിട്ടുള്ളത്. തൈത്തിരിയ ഉപനിഷത്തിലും ദാനം ചെയ്യാ നായി മനുഷ്യനെ ഉപദേശിക്കുന്നുണ്ട്. ദാനത്തെപറ്റി പറയുന്ന തിങ്ങനെയാണ്. വിശ്വാസത്തോടുകൂടിയോ അല്ലാതെയോ ദാനം ചെയ്യുക. വിനയത്തോടുകൂടിയും കരുണയോടുകൂടിയും ദാനം ചെയ്യുക. ഭക്തന്മാരെ ദാനത്തെപ്പറ്റി മനസ്സിലാക്കാനും പണത്തോ ടുള്ള ആസക്തി ഉപേക്ഷിപ്പിക്കാനുമാണ് ബാബ ദക്ഷിണ വാങ്ങി യിരുന്നത്. പക്ഷെ ഒരു പ്രത്യേകതയുള്ളത് ബാബ വാങ്ങുന്ന തിന്റെ 100 ഇരട്ടി അനുഭവം ബാബ ഭക്തനു കൊടുക്കുമെന്നതാ ണ്. പല കാര്യത്തിലും അങ്ങിനെ സംഭവിച്ചിട്ടുണ്ട്. ഉദാഹരണ മായി, പ്രശസ്ത നടനായ ഗണപത്റാവു ബോഡാസ് പറയുക യാണ്. ബാബ കൂടെക്കൂടെ ദക്ഷിണ ചോദിച്ച് അയാളുടെ പണ സ്സഞ്ചിതന്നെ ബാബയുടെ മുന്നിൽ കൊട്ടേണ്ടിവന്നുവെന്ന്. അതിന്റെ ഫലമായി ബോഡാസ് പറയുകയാണ്, പിന്നീട് പണം താനെ വന്നുകൊണ്ടിരുന്നെന്നും ഒരിക്കലും ക്ഷാമം നേരിട്ടിട്ടി ല്ലെന്നും.

ദക്ഷിണക്ക് മറ്റൊരു രണ്ടാം സൂചനയും കൂടിയുണ്ട്. അതിൽ ബാബ പണം ഉദ്ദേശിക്കുന്നില്ല. ഉദാഹരണങ്ങളായി 1) ബാബ പ്രൊഫസ്സർ ജി.ജി. നാർക്കെയോട് 15ക. ദക്ഷിണ ചോദി ച്ചു. അയാളുടെ കൈയ്യിൽ ഒരു പൈസപോലുമില്ലെന്ന് പറഞ്ഞു. ബാബ പറഞ്ഞു. നിന്റെ കയ്യിൽ പണമില്ലെന്നറിയാം. നീ യോഗ വാസിഷ്ഠം വായിക്കുന്നില്ലെ. അതിൽ നിന്ന് ദക്ഷിണ തന്നാൽ മതി. ഇതിൽ ദക്ഷിണ കൊണ്ടുദ്ദേശിച്ചത് പുസ്തകത്തിൽ നിന്ന്

തത്വം മനസ്സിലാക്കി ഹൃദയത്തിലുള്ള ബാബയോടുകൂട്ടിച്ചേർക്കാനാണ്. 2) രണ്ടാമത്തെ സംഭവത്തിൽ ബാബ മിസ്സിസ്സ് താർക്കഡിനോട് 6ക. ദക്ഷിണ ചോദിച്ചു. അവരുടെ കയ്യിൽ ഒന്നും ഇല്ലാത്തതിനാൽ അവർ വ്യസനിച്ചു. അവരുടെ ഭർത്താവ് അതിന്നർത്ഥം പറഞ്ഞുകൊടുത്തു. അത് കാമക്രോധലോഭ മോഹ മദ മാത്സര്യങ്ങളാണെന്ന് അവ ബാബയിൽ സമർപ്പിക്കാനാണാവശ്യപ്പെട്ടത്. ബാബ അത് ശരി വെക്കുകയും ചെയ്തു. ബാബ വലിയ തുക ദക്ഷിണയായി വാങ്ങിയിരുന്നെങ്കിലും അന്നു തന്നെ അത് വിതരണം ചെയ്ത് തീർക്കും. പിറ്റേന്ന് വീണ്ടും നിർദ്ധനനായ ഫക്കീറു തന്നെ. പത്തുകൊല്ലത്തോളം ആയിരമായിരക്കണക്കിൽ ദക്ഷിണ സ്വീകരിച്ച ബാബ, മഹാസമാധിയായപ്പോൾ കുറച്ചു നാണയങ്ങൾ മാത്രമായിരുന്നു ബാബയുടെ കൈവശമുണ്ടായിരുന്നത്.

## അടിക്കുറിപ്പ്

ദക്ഷിണയെ സംബന്ധിച്ച് ബി.വി. ദേവ് ശ്രീ സായി ലീല മാസികയിൽ ഒരു ലേഖനമെഴുതിയിട്ടുണ്ട്. അതിൽ ഇങ്ങനെ പറയുന്നു. ബാബ എല്ലാവരോടും ദക്ഷിണ ആവശ്യപ്പെട്ടിരുന്നില്ല. ചോദിക്കാതെ ആരെങ്കിലും കൊടുത്താൽ ചിലപ്പോൾ സ്വീകരിക്കും. ചിലപ്പോൾ വാങ്ങാൻ സമ്മതിക്കില്ല. ചില ഭക്തന്മാരോട് മാത്രമെ ചോദിച്ചിരുന്നുള്ളു. ബാബ ചോദിച്ചാലേ കൊടുക്കൂ എന്ന് മനസ്സിൽ കരുതിയിരുന്നവരോട് ചോദിക്കയെ ചെയ്യില്ല. ബാബയുടെ ആഗ്രഹത്തിന്നെതിരായി ആരെങ്കിലും കൊടുത്താൽ അതു തൊടുകപോലും ചെയ്യില്ല. അതു മടക്കിഎടുക്കാത്ത പക്ഷം എടുത്തുകൊണ്ടുപോവാൻ പറയും. ഭക്തന്മാരോട് ചെറുതും വലുതുമായ സംഖ്യകൾ അവരുടെ ഭക്തിക്കും ആഗ്ര

ഹത്തിന്നും സൗകര്യത്തിനുമനുസരിച്ച് ചോദിച്ചു വാങ്ങും. അങ്ങിനെ സ്ത്രീകളോടും കുട്ടികളോടും കൂടി ചോദിച്ചു വാങ്ങും. എല്ലാ ധനികന്മാരോടും വാങ്ങലില്ല. എല്ലാ ദരിദ്രരെയും ഒഴിവാക്കലുമില്ല. ദക്ഷിണ ചോദിച്ച് കൊടുക്കാത്തവരോട് ബാബ കോപിയ്ക്കയില്ല. ആരെങ്കിലും ഒരാൾവശം ദക്ഷിണ കൊടുത്തയച്ചത് മറന്നുപോയാൽ ബാബ ഓർമ്മിപ്പിച്ച് വാങ്ങും. കൊടുത്ത ദക്ഷിണയിൽ നിന്ന് ഒരുഭാഗം മടക്കിക്കൊടുത്ത് പൂജാമുറിയിൽ വെക്കാൻ പറയും. ഇത് ഭക്തന്മാർക്ക് വളരെ ക്ഷേമകരമായിരുന്നു. ആദ്യം കൊടുക്കാനുദ്ദേശിച്ചതിൽ കൂടുതൽ കൊടുത്താൽ കൂടുതലുള്ളത് മടക്കിക്കൊടുക്കും. ചിലപ്പോൾ കൊടുക്കാനുദ്ദേശിച്ചതിൽ കൂടുതൽ ചോദിക്കും. പണമില്ലെങ്കിൽ ഇരന്നോ കടം വാങ്ങിയോ കൊടുക്കാൻ പറയും. ചിലരോട് ഒരേ ദിവസം മൂന്നു നാലു പ്രാവശ്യം ദക്ഷിണ ചോദിച്ചുവാങ്ങും. ഇങ്ങിനെ വാങ്ങിയ ദക്ഷിണയിൽ നിന്ന് വളരെ കുറച്ച് മാത്രം പുകയിലക്കും ധുനിയിൽ കത്തിക്കാൻ വിറകിന്നുമെടുത്തു ബാക്കി മുഴുവൻ പലർക്കും അവസ്ഥാനുസരണം ദാനമായി വീതിച്ചുകൊടുക്കും. ഷിർദ്ദിയിലുള്ള എല്ലാ സാമഗ്രികളും രാധാകൃഷ്ണമായിയുടെ നിർദ്ദേശപ്രകാരം പല ഭക്തന്മാരും കൊണ്ടുവന്നതാണ്. വിലപിടിപ്പുള്ള സാധനങ്ങൾ കൊണ്ടുവന്നാൽ ബാബ കോപിച്ച് ചീത്ത പറയുമായിരുന്നു. ബാബ നാനാസാഹെബ് ചന്ദോർക്കരോട് പറയുമായിരുന്നു. എന്റെ സ്വത്തുക്കൾ ഒരു കൗപീനവും, ഒരു സാധാരണ തുണിക്കഷണവും, ഒരു കഫ്നിയും, ഒരു തകരപ്പാത്രവും മാത്രമായിരിക്കെ ജനങ്ങൾ വിലപിടിച്ച പ്രയോജനമില്ലാത്ത സാധനങ്ങൾകൊണ്ടുവന്ന് എന്നെ ബുദ്ധിമുട്ടിക്കുന്നു എന്ന് പരമാർത്ഥ മാർഗ്ഗത്തിനു തടസ്സമായി മനുഷ്യന് ലൈംഗിക കാര്യവും ധനവുമാണ് നില്ക്കുന്നത്. ബാബ അതിന്ന് രണ്ട് സ്ഥാപനങ്ങളാണ് ഏർപ്പാട് ചെയ്തത്. അതായത് ദക്ഷിണവാങ്ങി സ്കൂളിലേക്ക് (രാധാകൃഷ്ണമായിയുടെ വീട്) പോവാൻ പറയും. ഈ രണ്ട്

പരീക്ഷണങ്ങൾ വിജയപ്രദമായി നേരിട്ടാൽ അവർ ആദ്ധ്യാത്മികമായി ബാബയുടെ അനുഗ്രഹംകൊണ്ട് വളർന്നുവന്നുകൊണ്ടേയിരിക്കും.

മിസ്റ്റർ ദേവ്, ഗീതയിൽ നിന്നും ഉപനിഷത്തുക്കളിൽ നിന്നും ഉദ്ധരിച്ച് പുണ്യസ്ഥലത്ത് പുണ്യാത്മാക്കൾക്ക് ദാനം ചെയ്താൽ ദാതാവിന് വലിയ തോതിൽ ക്ഷേമകരമാണെന്ന് കാണിക്കുന്നു. ഷിർദ്ദിയിൽ കൂടുതലായ പുണ്യസ്ഥലമേത്? സായിബാബയിൽ വലിയ പുണ്യാത്മാവേത്?

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!